**മധുരമായ കുട്ടികളെ – ഈ കലിയുഗത്തിൽ സർവ്വരും രാവണന്റെ ചങ്ങലയിൽ ബന്ധിക്കപ്പെട്ട ജീവൻ–ബന്ധനത്തിലാണ്, അവരെ ജീവൻ–മുക്തരാക്കണം.**

**ചോദ്യം:–** ഏതൊരു ആസ്തിയാണ് നിങ്ങൾ ബ്രാഹ്മണരോടൊപ്പം സർവ്വ മനുഷ്യാത്മാക്കൾക്കും ലഭിക്കുന്നത്?

**ഉത്തരം:–** ജീവൻമുക്തരാകാനുള്ള ആസ്തി സർവ്വർക്കും ലഭിക്കുന്നു. നിങ്ങൾ ബ്രാഹ്മണർ ബ്രഹ്മാവിന്റെ സന്താനങ്ങളാകുന്നു, അതുകൊണ്ട് നിങ്ങൾക്ക് 21 ജന്മങ്ങളിലേക്ക് ജിവൻ മുക്തിയുടെ ആസ്തി ലഭിക്കുന്നു, ബാക്കി എല്ലാവർക്കും അവരവരുടെ ധർമ്മത്തിൽ ആദ്യമാദ്യം ജീവൻമുക്തി അതായത് സുഖം പിന്നെ ദുഃഖം ലഭിക്കുന്നു. ഓരോരുത്തരും പകുതി സമയം സുഖവും പകുതി സമയം ദുഃഖവും അനുഭവിക്കുന്നു. എന്നാൽ എല്ലാവർക്കും സ്വർഗ്ഗത്തിലെ സുഖം അനുഭവിക്കാൻ സാധ്യമല്ല. അതിനായി ബ്രാഹ്മണനാകണം, പാഠശാലയിൽ പഠിക്കണം, മായയുടെ മേൽ വിജയിയാകണം.

**ഗീതം** : മുഖം നോക്കൂ ആത്മാവേ....

**ഓം ശാന്തി**. ഇതാരാണ് പറഞ്ഞത്? തന്റെ മനസാകുന്ന കണ്ണാടിയിൽ നോക്കു എത്ര പാപമുണ്ട്, എത്ര പുണ്യമുണ്ട് അതായത് 5 വികാരങ്ങളുടെ മേൽ എത്രത്തോളം ജയിച്ചിട്ടുണ്ട്. ശ്രീ നാരായണനെ വരിക്കാൻ നാം യോഗ്യതയുള്ളവരായോ? കാരണം ജീവൻമുക്തി അഥവാ സ്വർഗ്ഗത്തിന്റെ അധികാരികളായി രാജാറാണികളുമുണ്ട് പ്രജകളുമുണ്ട്. അതുകൊണ്ട് അമ്മയെയും അച്ഛനെയും പോലെ എത്രത്തോളം സേവനം നമുക്ക് ചെയ്യാൻ സാധിക്കും എന്ന് ദർപ്പണത്തിൽ നോക്കണം. ഇത് കലിയുഗമാണ് കൂടാതെ എല്ലാവരും ജീവൻബന്ധനത്തിലാണെന്ന് നിങ്ങൾ ബ്രാഹ്മണർക്ക് മാത്രമേ അറിയുകയുള്ളൂ. ഒരാളുപോലും ജീവൻമുക്തിയിലല്ല. നിങ്ങളും ജീവൻബന്ധനത്തിലായിരുന്നു ഇപ്പോൾ ജീവൻമുക്തി നേടുവാനായി ബാബ പുരുഷാർത്ഥം ചെയ്യിപ്പിക്കുന്നു. ഇപ്പോൾ സർവ്വ മനുഷ്യരും ജീവൻ ബന്ധനത്തിലാണ് കാരണം ഇത് കലിയുഗമാണ് എന്ന് ബാബ മനസ്സിലാക്കി തന്നിട്ടുണ്ട്. രാവണന്റെ ചങ്ങലയാൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. കലിയുഗം ജീവൻബന്ധനമാണ്. സത്യയുഗം ജീവൻ മുക്തമാണ്. രാമരാജ്യത്തിൽ യഥാ രാജാ റാണി തഥാ പ്രജാ സർവ്വരും ജീവൻ മുക്തരാണ്. രാവണരാജ്യത്തിൽ യഥാ രാജാ റാണി തഥാ പ്രജ ജീവൻ ബന്ധനത്തിലാണ്. ഇപ്പോൾ സർവ്വ മനുഷ്യരും ജീവൻ ബന്ധനത്തിലാണ്. തമോപ്രധാനമായി, ദുഃഖികളാണ്. ഇപ്പോൾ സർവ്വർക്കും സതോ പ്രധാനമാകണം. സത്യയുഗത്തിലാണ് സതോപ്രധാനത ആരംഭിക്കുന്നത്. ഓരോരോ ആത്മാവിനും തന്റേതായ പാർട്ടഭിനയിക്കണം. ആത്മാവ് തന്റേതായ ധർമ്മത്തിൽ ശാന്തിധാമത്തിൽ നിന്ന് വരുമ്പോൾ ഏറ്റവും ആദ്യം ജീവൻമുക്തമാണ്. സത്യ– ത്രേതായുഗത്തിൽ ആരെയും ജീവൻ ബന്ധനർ എന്ന് പറയില്ല, കാരണം രാവണരാജ്യമല്ല. കലിയുഗത്തിൽ രാവണരാജ്യമാണ്. മുഴുവൻ വിശ്വവും ബന്ധന രാജ്യമാണ്. ആദ്യ നമ്പറിലുള്ള ആദി സനാതന ദേവീ–ദേവതാ ധർമ്മവും ജീവൻ ബന്ധനത്തിലാണ്. ഇപ്പോൾ ജീവൻ മുക്തരായി കൊണ്ടിരിക്കുന്നു. സർവ്വരും സത്യത്രേതായുഗത്തിൽ വരും എന്നല്ല ജീവൻ മുക്തികൊണ്ട് അർത്ഥമാക്കുന്നത്. രാവണന്റെ ദുഃഖത്തിൽ നിന്ന് മോചിപ്പിക്കുന്നതിനെയാണ് ജീവൻമുക്തി എന്ന് പറയുന്നത്. മനുഷ്യർ, മനുഷ്യർക്ക് മുക്തി അല്ലെങ്കിൽ ജീവൻമുക്തി നല്കാൻ സാധിക്കില്ല. മുക്തി അതായത് നിർവ്വാണധാമത്തിലേക്ക് ബാബയാണ് സർവ്വരേയും കൂട്ടികൊണ്ട് പോകുന്നത്. ആദ്യം സർവ്വരും മുക്തിയിലേക്ക് പോകും. പിന്നെ ജീവൻമുക്തിയിലേക്ക് ധർമ്മത്തിന്റെ സംഖ്യാക്രമമനുസരിച്ച് വരും. സത്യയുഗത്തിൽ വരുന്നില്ലായെങ്കിൽ ജീവൻമുക്തരല്ല എന്ന് പറയാൻ സാധിക്കില്ല. ആരൊക്കെ വരുന്നുവോ അവർ തന്റെ ധർമ്മത്തിൽ ആദ്യമാദ്യം ജീവൻമുക്തിയിലാണ്. ആത്മാവിന് ആദ്യം സതോപ്രധാനമാകണം, പിന്നെ സതോ–രജോയിലേക്ക് വരണം. ഓരോ വസ്തുവും പുതിയതിൽ നിന്ന് പഴയതാകുന്നു. പഴയതിൽ നിന്ന് പിന്നെ പുതിയതാകുന്നു. ഇപ്പോൾ സാധു–സന്ന്യാസിമാരും സർവ്വരും ജീവൻ ബന്ധനത്തിലാണ്. ശിവനെ ബാബ എന്ന് വിളിക്കുന്നു, വേണമെങ്കിൽ മഹാകാലനെന്നോ അല്ലെങ്കിൽ എന്ത് പേര് വേണമെങ്കിലും വെച്ചോളൂ. യഥാർത്ഥ പേരാണ് ശിവബാബ. ബാബ എന്ന് വിളിച്ചുകൊണ്ടിരിക്കുന്നു. ഗോഡ് ഫാദർ പരമപിതാ പരമാത്മാ എന്ന് വിളിക്കുന്നു. ബാബ മനസ്സിലാക്കിത്തരുന്നു, ഞാൻ വന്ന് കുട്ടികൾക്ക് മുക്തി ജീവൻമുക്തി രണ്ടും നല്കുന്നു. ആദ്യമാദ്യം ആര് തന്നെ വന്നാലും തീർച്ചയായും സുഖം ഉണ്ടായിരിക്കും. പിന്നെ പതുക്കെ ദുഃഖമുണ്ടാകും. മുക്തിക്ക് ശേഷം ജീവൻമുക്തി വരുന്നു. പിന്നെയാണ് ജീവൻ ബന്ധനം. ഏറ്റവും ആദ്യം തീർച്ചയായും സുഖത്തിലേക്ക് വരും. ബാബ സർവ്വർക്കും സുഖത്തിന്റെ ആസ്തി നല്കുന്നു. പിന്നെ ചിലരുടെ ഒരു ജന്മം മാത്രം സുഖത്തിന്റേതായിരിക്കും. വന്നു കുറച്ച് സുഖം നേടി പിന്നെ മരിച്ചു. അവർക്ക് ഡ്രാമയിൽ അത്രയും പാർട്ടേയുള്ളൂ. മനുഷ്യ

രുടെ വർദ്ധനവ് ഉണ്ടായിക്കൊണ്ടേയിരിക്കുന്നു. ഇപ്പോഴും വന്നുകൊണ്ടേയിരിക്കുന്നു. വളരെക്കാലമൊന്നും ജീവിച്ചിരിക്കാൻ പോകുന്നില്ല. വിനാശം മുന്നിലുണ്ട്. പുതിയതായി വരുന്നവർ കലിയുഗത്തിൽ വന്നാലും വന്നയുടനെ തന്നെ ദുഃഖം അനുഭവിക്കില്ല. തീർച്ചയായും അവർക്ക് എവിടെയെങ്കിലും നല്ല ആദരവ് ലഭിക്കും. മുക്തീധാമത്തിൽ നിന്ന് ആദ്യം ജീവൻമുക്തിയിലേക്ക് പോകണം. മായയുടെ ബന്ധനത്തിൽ നിന്ന് മുക്തമായി ആദ്യം സുഖത്തിലേക്ക് വരും പിന്നെ ദുഃഖത്തിലേക്ക് വരും. ഇപ്പോൾ സർവ്വരും ജീർണ്ണാവസ്ഥയിലെത്തിയിരിക്കുന്നു. തങ്ങളുടെ സുഖത്തിന്റെയും ദുഃഖത്തിന്റെയും പാർട്ടഭിനയിച്ച് എല്ലാവരും മുക്തിയിലും ജീവൻമുക്തിയിലും വരും. മുക്തിയിലൂടെയാണ് ജീവൻമുക്തിയിലേക്ക് വരുന്നത്. പോകും പിന്നെ തീർച്ചയായും വരും. ലോകം മുഴുക്കെയുള്ള മനുഷ്യരെല്ലാവരും ആര് ഏത് ധർമ്മത്തിൽ പെട്ടവരായാലും അവർ പിന്നെ അതുപോലെ തന്നെ വരും. ജനകനും ജീവൻമുക്തി ലഭിച്ചില്ലേ. രാജ്യഭരണം ഇപ്പോൾ ഇല്ല എന്നല്ല, അവർ തീർച്ചയായും പിന്നീട് വന്ന് ജ്ഞാനം സ്വീകരിക്കും. ജീവൻമുക്തി നിങ്ങൾ സർവ്വർക്കും ലഭിക്കുന്നുണ്ട് എന്നാൽ സംഖ്യാക്രമമായ പുരുഷാർത്ഥമനുസരിച്ചാണ്. സംഖ്യാക്രമമായ പുരുഷാർത്ഥമനുസരിച്ചും ധർമ്മമനുസരിച്ചുമാണെന്ന് മറ്റ് സർവ്വ ധർമ്മങ്ങളെക്കുറിച്ചും പറയാം. ദേവീ ദേവതാ ധർമ്മത്തിലുള്ളവരും മറ്റ് ധർമ്മങ്ങളിലേക്ക് പോയവരും സർവ്വർക്കും തിരിച്ച് വരണം. ആദ്യം ബ്രാഹ്മണനാകണം. ഒരു രീതിയിൽ നോക്കിയാൽ എല്ലാവരും ബ്രഹ്മാവിന്റെ സന്താനങ്ങളാണ്. എന്നാൽ സർവ്വരും ബ്രാഹ്മണരാകില്ല. ബ്രാഹ്മണരാകുന്നവരാണ് 21 ജന്മം ജീവൻ മുക്തർ എന്ന് പറയുന്നത്. രാജസിംഹാസനത്തിൽ ഇരിക്കണമെങ്കിൽ രാജയോഗം പഠിക്കണം. ഇത് പാഠശാലയാണ്. പാഠശാലയിൽ വിദ്യ ആർജ്ജിക്കണം. നിയമങ്ങൾ ഒരുപാടുണ്ട്, ഒരു തവണ ലക്ഷ്യമെന്താണെന്ന് ലഭിച്ചുകഴിഞ്ഞാൽ വിദേശത്ത് ഇരുന്നാലും പഠിക്കാൻ സാധിക്കും. നാം ശിവബാബയുടെ കുട്ടികളാണ്. ബാബയിൽ നിന്നും തീർച്ചയായും ആസ്തിയെടുക്കണം. ബാബാ, രാവണന്റെ ഭൂതം ശല്യം ചെയ്യുന്നു എന്ന് കത്ത് എഴുതുന്നുണ്ട്. ചിലപ്പോൾ കാമത്തിന്റെ ചിലപ്പോൾ ക്രോധത്തിന്റെ ചെറിയ ലഹരിയുണ്ടാകുന്നു. ഇതിൻമേൽ വിജയിക്കണമെന്ന് ബാബ പറയുന്നു. ഇത് നിങ്ങളുടെ യോഗബലത്തിന്റെ യുദ്ധമാണ്. നിങ്ങൾ ഓർമ്മിക്കും എന്നാൽ മായ നിങ്ങളുടെ ബുദ്ധീയോഗം വേർപ്പെടുത്തും. ജീവൻമുക്തി സർവ്വർക്കും ലഭിക്കുമെന്ന് ബാബ മനസ്സിലാക്കിതന്നിട്ടുണ്ട്. സർവ്വരും സ്വർഗ്ഗത്തിൽ വരുമെന്നല്ല ഇതിന്റെ അർത്ഥം. ഞങ്ങൾക്ക് മുക്തി വേണമെന്ന് സർവ്വരും ആഗ്രഹിക്കുന്നുണ്ട്. അവസാനമാണ് പാർട്ടഭിനയിക്കാൻ വരുന്നതെങ്കിൽ അത്ര സമയം മുക്തിയിലായിരിക്കുമല്ലോ. എത്ര ശാന്തിയുണ്ടാകുന്നു. 4500 വർഷം അഥവാ 4750 വർഷം ശാന്ത അവസ്ഥയിലായിരിക്കുന്നു. അവരുടെ പാർട്ട് തന്നെ അങ്ങനെയാണ്. നാം പിന്നെ സുഖം, ശാന്തി രണ്ടിലുമിരിക്കുന്നു. നമുക്ക് മനുഷ്യർ ആഗ്രഹിക്കുന്നതു പോലെ ശാന്തി മതി, അവിടെ തന്നെ ഇരിക്കണം എന്നല്ല. അത് സാധ്യമല്ല. പറയുന്നതിലൂടെ ലഭിക്കില്ല. അനാദിയായ നാടകം ഉണ്ടാക്കപ്പെട്ടതാണ്. ഇതിൽ മാറ്റമൊന്നും ഉണ്ടാകില്ല. ശാന്തി ആഗ്രഹിക്കുന്ന വളരെപേർ ഉണ്ട്. നിങ്ങളുടെ സുഖത്തേക്കാൾ അവർക്ക് കൂടുതൽ ശാന്തി ലഭിക്കുന്നു. നിങ്ങൾക്ക് സുഖം, ശാന്തി രണ്ടും ലഭിക്കുന്നു. ഇവിടെ അല്പകാല സുഖമാണ്, ശാന്തി ഉണ്ടാകില്ല. ദുഃഖധാമമല്ലേ. കാട്ടിൽ പോയിരിക്കുന്നതൊന്നും ശാന്തിയല്ല. അവിടെ ശാന്തി ഉണ്ടായിരുന്നുവെങ്കിൽ അവിടെതന്നെ ഇരിക്കണമായിരുന്നു, നഗരത്തിൽ വന്ന് ഇത്ര കെട്ടിടങ്ങളൊക്കെ ഉണ്ടാക്കുന്നത് എന്തിനാണ്. അവിടെ സത്യയുഗത്തിൽ ശാന്തി തന്നെ ശാന്തിയാണ്. പിന്നീട് വരുന്നവർ കരുതുന്നു ഇവിടെ അശാന്തി തന്നെ അശാന്തിയാണ്. അവർക്ക് ശാന്തിയുണ്ട്, മറ്റുള്ളവർക്ക് അശാന്തിയാണെന്ന് കരുതുന്നു. ഇതൊക്കെ മനസിലാക്കേണ്ട കാര്യങ്ങളാണ്. സർവ്വർക്കും ജീവൻമുക്തി ലഭിക്കും. നിങ്ങൾ 21 ജന്മം രാജ്യം ഭരിക്കുമ്പോൾ താമസിച്ചുവരുന്ന മറ്റുള്ളവർ മുകളിൽ ശാന്തിയിലിരിക്കുന്നു. ആരെങ്കിലും സത്യയുഗത്തിൽ അല്ലങ്കിൽ ത്രേതായിൽ പിന്നീടാണ് വരുന്നതെങ്കിൽ ശാന്തിധാമത്തിലല്ലേ ഇരിക്കുന്നത്. അവിടെ ഒരു ദുഃഖവുമുണ്ടാകില്ല. കർമ്മകണക്കുള്ളതുകാരണം പിന്നീട് സംഖ്യാക്രമമനുസരിച്ച് വരും.
മനുഷ്യർ കരുതുന്നത് സയൻസ് വളരെ ശക്തിശാലിയാണെന്നാണ്, നാം പറയുന്നു നമ്മുടെ സൈലൻസ് (ശാന്തി) ആണ് ഏറ്റവും ശക്തമായത്. ബാബയുടെ ഓർമ്മയിലൂടെയാണ് ശക്തി ലഭിക്കുന്നത്. അവർ സയൻസിന്റെ ശക്തിയിലൂടെ മുകളിൽ ചന്ദ്രനിലേക്ക് പോകുവാനുള്ള പുരുഷാർത്ഥം ചെയ്യുന്നു, നിങ്ങൾ ഒറ്റ സെക്കന്റിൽ സൂര്യചന്ദ്രനേക്കാൾ മുകളിലേക്ക് പോകുന്നു. മൂലവതനം, സൂക്ഷ്മവതനത്തേക്കാൾ മുകളിലായി ഒന്നും തന്നെയില്ല. സൂര്യചന്ദ്രനേക്കാൾ മൂലവതനം, സൂക്ഷ്മ വതനം വളരെ ദൂരെയാണ്. ആർക്കും അറിയാൻ സാധിക്കില്ല. ഇതൊക്കെ വിശദീകരിച്ചുള്ള കാര്യങ്ങളാണ്. സൂര്യവംശി രാജാറാണി ആകുവാൻ ഭാഗ്യമില്ലങ്കിൽ ഒന്നും മനസ്സിലാക്കാൻ സാധിക്കില്ല. ആർക്കും മനസ്സിലാക്കി കൊടുക്കുവാനും സാധിക്കില്ല. മുക്തി ജീവൻമുക്തിയുടെ ജ്ഞാനം എനിക്കുണ്ട് എന്ന് ആർക്കും പറയാൻ സാധിക്കില്ല (ജനകന്റെ ഉദാഹരണം) സർവ്വരേയും ജയിലിൽ ഇട്ടു. ഇപ്പോൾ രാവണൻ എല്ലാവരേയും ജയിലിൽ ഇട്ടിരിക്കുകയാണ്. രാമൻ വന്ന് സർവ്വരേയും മോചിപ്പിക്കുന്നു. രാവണന്റെ പിടിയിൽ നിന്ന് മോചിപ്പിച്ച് ജീവൻ മുക്തരാക്കുവാനായി ബാബയിലൂടെ നിങ്ങൾ നിമിത്തമായിരിക്കുന്നു. ശിവശക്തി സേന എന്ന് നിങ്ങളുടെ പേര് പ്രശസ്തമാണ്. ഈ ഡ്രാമയിൽ അവസാന സമയം നിങ്ങളുടെ പേര് വളരെ ശ്രേഷ്ഠമാകണം.

ബാബ വന്നപ്പോൾ മുതൽ മാതാപിതാക്കളുടെ പദവി ലോകത്തിലും വളരെ ശ്രേഷ്ഠമായി. പണ്ട് വിദേശങ്ങളിൽ അമ്മമാർക്ക് വളരെ പദവി ഉണ്ടായിരുന്നു. അവിടെ പെൺകുട്ടികൾ ഉണ്ടായാൽ വളരെ സന്തോഷിക്കുന്നു. ഇവിടെ പെൺകുട്ടി ജനിച്ചാൽ കട്ടിൽ തലതിരിച്ചിടുന്നു. ജന്മദിനം പോലും ആഘോഷിക്കാറില്ല. കന്യകമാരുടെ കൃഷ്ണൻ എന്ന് മഹിമപാടാറുണ്ട്. വാസ്തവത്തിൽ നിങ്ങൾ സർവ്വരും കന്യകമാരാണ്. ഇത് നിങ്ങളുടെ പുതിയ ജന്മമാണ്. ബാക്കി പഠിത്തത്തിൽ സഖ്യാക്രമത്തിലാണ്. ആത്മാവ് ചെറുതോ വലുതോ ആകുന്നില്ല. ശരീരം ചെറുതും വലുതും ആകുന്നു. ചിലർ പെട്ടെന്ന് മനസ്സിലാക്കുന്നു. ആരുടെയെങ്കിലും ഭാഗ്യത്തിലില്ലായെങ്കിൽ മനസ്സിലാക്കാൻ സാധിക്കില്ല. ജീവൻമുക്തി, ജീവൻ ബന്ധനം ഇവ രണ്ടും ഈ സ്ഥൂലവതനത്തിന്റെ കാര്യങ്ങളാണ്. സത്യയുഗം മുതൽ ജീവൻമുക്തരാകുന്നു. ഇപ്പോൾ സർവ്വരും സുഖത്തെ മറന്നിരിക്കുന്നു. ദുഃഖത്തിലാണ്. ഞങ്ങൾ 21 ജന്മം സുഖം നേടിയിരുന്നു എന്ന് പറയാൻ സാധിക്കുന്ന ആരും തന്നെയില്ല. ഇപ്പോൾ രാവണന്റെ രാജ്യമായത് കാരണം വസ്ത്രം അഴുക്ക് പിടിച്ചിരിക്കുന്നു. അവിടെ രാവണ രാജ്യമേയില്ലായെങ്കിൽ വസ്ത്രം എങ്ങനെ അഴുക്ക് പിടിക്കുവാനാണ്. യോഗബലം, ഭോഗബലം എന്ന് പറയാറുണ്ട്. അവിടെ യോഗബലത്തിലൂടെ കുട്ടികൾ ജനിക്കുന്നു. നിങ്ങൾക്ക് ആചാരങ്ങളെ കുറിച്ചറിയാം. മറ്റുള്ളവരുടെത് അറിയില്ല. അമേരിക്കക്കാരുടെ ആചാരരീതികൾ അവർക്കറിയാം. നമുക്ക് നമ്മുടെ ആചാരരീതികളെ കുറിച്ചറിയാം. നാം സത്യയുഗത്തിൽ വസിച്ചിരുന്നവരാണ്. അവിടെ നമ്മളുടെ ആചാരരീതികൾ പുതിയതായിരിക്കും. അതനുസരിച്ച് നടക്കും. കല്പം മുമ്പ് എങ്ങനെയായിരുന്നോ അതുപോലെയായിരിക്കും. എന്താണോ സംഭവിച്ചിരുന്നത് അതുതന്നെ ഇപ്പോഴും സംഭവിക്കും. കുട്ടികൾ ധ്യാനാവസ്ഥയിൽ പോയി അവിടത്തെ ആചാരരീതികൾ കണ്ടിട്ട് വരുന്നു. എന്നിരുന്നാലും ഉയർന്ന പദവി നേടുന്നതിനായി പുരുഷാർത്ഥം ചെയ്യണം. അവിടത്തെ ആചാരരീതികൾ പറഞ്ഞിരുന്നവർ അവരൊന്നും ഇപ്പോളില്ല. അതിലൂടെ ഒരു പ്രയോജനവും ഉണ്ടാകില്ല. മുഴുവൻ അടിസ്ഥാനവും പഠിത്തത്തിലാണ്. യോഗവും ജ്ഞാനവും. യോഗം എന്നാൽ ബാബയെ ഓർമ്മിക്കുക. ജ്ഞാനം എന്നാൽ ചക്രം കറക്കുക, ഇത് സഹജമാണ്. എന്റെ അടുത്തേക്ക് വരണം അതുകൊണ്ട് എന്നെ ഓർമ്മിക്കു എന്ന് ബാബ പറയുന്നു. ആൾക്കാർ മരിക്കാറായി കിടക്കുമ്പോൾ രാമരാമാ എന്ന് ജപിക്കാൻ പറയാറുണ്ട്. അർത്ഥമൊന്നും അറിയില്ല. ശ്രീകൃഷ്ണനെന്ന് പറഞ്ഞാലും അവിടെ എത്തിച്ചേരില്ല. എന്താണെങ്കിലും കൊണ്ടുപോകുന്നവൻ ബാബയാണ്. വികർമ്മങ്ങൾ വിനാശമാകാതെ നിങ്ങൾക്ക് എങ്ങനെ തിരിച്ച് പോകാൻ സാധിക്കും. ഇപ്പോൾ സർവ്വരുടേയും കണക്കെടുപ്പിന്റെ സമയമാണ്. പിന്നെ തന്റേതായ സമയത്ത് വരും. ഈ പോയിന്റുകൾ ധാരണ ചെയ്യണം. നോട്ട് ചെയ്യണം.

നിങ്ങൾ അമ്മയേയും അച്ഛനേയും ഫോളോ ചെയ്യണം. മമ്മ ഒരിക്കലും ആരെയും ബുദ്ധിമുട്ടിച്ചിരുന്നില്ല. പെരുമാറ്റം നല്ലതല്ല എന്ന് പലരെക്കുറിച്ചും വളരെയധികം റിപ്പോർട്ടുകൾ വരുന്നുണ്ട്. പരമപിതാ പരമാത്മാവാണ് പഠിപ്പിക്കുന്നതെങ്കിൽ ബുദ്ധി എത്ര പ്രവർത്തിപ്പിക്കണം. നല്ല പെരുമാറ്റമുള്ളവരോട് സർവ്വർക്കും സ്നേഹമുണ്ടാകും. ചിലർ വളരെ ബുദ്ധിമുട്ടിക്കുന്നു. സ്വയം തന്നെ ചാട്ടവാറടിക്കുന്നു. എങ്കിൽ പദവി ഭ്രഷ്ടമാകും. ഹിന്ദുക്കൾ സ്വയം തന്നെ ചാട്ടവാറടിച്ചു എന്ന് പറയാറുണ്ട്. രാജ്യഭാഗ്യം നല്കുന്ന ഈശ്വരനെ സർവ്വവ്യാപി എന്ന് പറഞ്ഞു. ഇത് സ്വയം തന്നെ ചാട്ടവാറടിക്കുകയാണ്. അപ്പോളാണ് ഈ അവസ്ഥ ഉണ്ടായത്. ഞാൻ സർവ്വ വ്യാപിയാണെന്ന് ഭഗവാൻ പറയുന്നതായി ശാസ്ത്രങ്ങളിൽ കാണിച്ചിരിക്കുന്നു. എന്നാൽ ഭഗവാൻ സ്വയം പറയുന്നു ഞാൻ നിങ്ങളെപ്പോലെ സ്വയം തന്നെ ചാട്ടവാറടിക്കില്ല. ഞാനെന്താ പട്ടിയിലും പൂച്ചയിലും ഉണ്ടോ! ബാബ പറയുന്നു നിങ്ങൾ എന്നെ നിന്ദിച്ചു. ഇതും ഡ്രാമയാണ്. വീണ്ടും ഇതുപോലെ സംഭവിക്കും. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഒരു തലതിരിഞ്ഞ പെരുമാറ്റവും ഉണ്ടാകരുത്. നല്ല ഗുണങ്ങൾ ധാരണ ചെയ്യണം. അമ്മയെയും അച്ഛനേയും അനുകരിക്കണം.

2) യോഗബലത്തിലൂടെ കാമ ക്രോധത്തിന്റെ ചെറുതായുള്ള ലഹരിയെപ്പോലും സമാപ്തമാക്കണം. നിമിത്തമായി സർവ്വരേയും രാവണന്റെ ജയിലിൽ നിന്ന് മോചിപ്പിക്കാനുള്ള സേവനം ചെയ്യണം.

**വരദാനം:- എന്ത്, എന്തുകൊണ്ട്, എങ്ങനെ, അങ്ങനെ, ഇങ്ങനെ- ഈ സർവ്വ പ്രശ്നങ്ങളിൽ നിന്നും ദൂരെയിരിക്കുന്ന സദാ പ്രസന്നചിത്തരായി ഭവിക്കട്ടെ.**

പ്രസന്ന ചിത്തരായ ആത്മാക്കൾ സ്വയത്തിന്റെ സംബന്ധത്തിലോ, സർവ്വരുടെയും സംബന്ധത്തിലോ, പ്രകൃതിയുടെ സംബന്ധത്തിലോ ഏത് സമയത്തും ഏത് കാര്യത്തിലും സങ്കൽപത്തിൽ പോലും ചോദ്യം ഉന്നയിക്കുകയില്ല. ഇതെന്താ ഇങ്ങനെ, ഇതെന്താ സംഭവിച്ചുകൊണ്ടിരിക്കുന്നത്, ഇങ്ങനെയും സംഭവിക്കുമോ? പ്രസന്നചിത്ത ആത്മാക്കളുടെ സങ്കൽപ്പത്തിൽ ഓരോ കർമ്മവും ചെയ്തുകൊണ്ടും, കേട്ടുകൊണ്ടും, ഇങ്ങനെയായിരിക്കും ചിന്തിക്കുക അതായത് എന്താണോ നടന്നുകൊണ്ടിരിക്കുന്നത് അത് എന്നെ സംബന്ധിച്ച് നല്ലതിനാണ്, മാത്രമല്ല സദാ നല്ലത് തന്നെയായിരിക്കും. അവർ ഒരിക്കലും എന്ത്, എന്തുകൊണ്ട്, അങ്ങനെ, ഇങ്ങനെ എന്നീ പ്രശ്നങ്ങളുടെ കുരുക്കിൽ പെടുകയില്ല.

**സ്ലോഗൻ:- സ്വയത്തെ അതിഥിയെന്ന് മനസ്സിലാക്കി ഓരോ കർമ്മവും ചെയ്യൂ എങ്കിൽ മഹാനും മഹിമാ യോഗ്യരുമായി മാറും.**